"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റൻഡന്റായിരുന്ന മരണപ്പെട്ട നാരായണൻ.കെ-യുടെ ഭവന നിർമ്മാണ വായ്പയിൽ നിയമാനുസൃത ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1339/2023/LSGD തീയതി,തിരുവനന്തപുരം, 30-06-2023

പരാമർശം:- 1.ശ്രീമതി.രജനി,, (W/oLate നാരായണൻ.കെ) യുടെ19.04.2022-ലെഅപേക്ഷ

2. പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.05.2022-ലെ എസ്.സി2/ 2936/222നമ്പർസാക്ഷ്യ പത്രം.

3. പഞ്ചായത്ത് ഡയറക്ടറുടെ 28.05.2022 തിയതിയിലെ PAN/6388/2022-A3(DP) നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ഓഫീസ് അറ്റൻഡന്റ് നാരായണൻ.കെ-യുടെ ഭവന നിർമ്മാണ വായ്പ ഇനത്തിൽ തിരിച്ചടവാക്കുവാൻ ശേഷിക്കുന്ന 5,00,000/-/-രൂപയിൽ നിയമാനുസൃത ഇളവ് അനുവദിക്കണമെന്നുള്ള ടിയാന്റെ ഭാര്യ ശ്രീമതി രജനിയുടെ പരാമർശം(1)പ്രകാരമുള്ള അപേക്ഷ, അനുബന്ധ രേഖകൾ സഹിതം ശുപാർശ ചെയ്ത് പരാമർശം(3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിലിരുന്ന ശ്രീ.നാരായണൻ.കെ-യ്ക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസായി 9,50,000/- രൂപ അനുവദിച്ചിരുന്നതായും ആയതിൽ പ്രതിമാസം 11,870/-രൂപ നിരക്കിൽ 33 ഗഡുക്കളായി 3,91,710/- രൂപ തിരിച്ചടവ് നടത്തിയിട്ടുണ്ടെന്നും മുതലിനത്തിൽ 5,82,90/-യും 8% പലിശയിനത്തിൽ 2,09,737/-രൂപയും അടക്കം ആകെ 7,68,022/- രൂപ സർക്കാർ ബാധ്യതയായി നിലനിൽക്കുന്നതായും പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയി സേവനത്തിലിരിക്കെ 10/01/2020 -ന് അന്തരിച്ച ശ്രീ. നാരയണൻ.കെ-യുടെ ഭവന നിർമ്മാണ വായ്പയിലെ ആകെ ബാധ്യതയായ 7,68,022/- രൂപയിൽ പലിശയിനത്തിലെ ബാധ്യതയായ 1,89,940/--രൂപ (ഒരു ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി നാൽപത് രൂപ മാത്രം) ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 5,58,290/-രൂപയിൽ നിന്നും 3,10,060/- രൂപ (മൂന്ന് ലക്ഷത്തി പതിനായിരത്തി അറുപത് രൂപ മാത്രം) 2075-00-795-98-HBA write off(N/V) എന്ന ശീർഷകത്തിൽ ചെലവും 7610-00-201-98-HBA-State Service Officers(N/V) എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളുന്നതിനും, മുതലിനത്തിൽ ബാക്കിയുള്ള 2,48,230/- രൂപയും (രണ്ട് ലക്ഷത്തി നാൽപത്തിയെട്ടായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) പിഴപ്പലിശയിനത്തിലെ 19,792/-രൂപയും (പത്തൊൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) ഉൾപ്പെടെ ആകെ തുകയായ 2,68,022/- രൂപ ടിയാന്റെ ഡി.സി.ആർ.ജി.- യിൽ നിന്നും ഈടാക്കുവാനും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ

സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. രജനി, W/oLate നാരായണൻ.കെ, ആല്യംപറമ്പിൽവീട്, പഴുപത്തൂർ.പി.ഒ, സുൽത്താൻ ബത്തേരി, വയനാട് (തപാൽ മാർഗ്ഗം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.

ഡയറക്ടർ (റൂറൽ).തദ്ദേശസ്വയംഭരണ വകുപ്പ് .

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പൂതാടി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യ വകുപ്പ് (2151120 /HBA-1/159/2022-FIN തീയതി 22.05.2023)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/117/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 01-07-2023 10:40:02